**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - വൈറ്റില മൊബിലിറ്റി ഹബ് സൊസൈറ്റിയുടെ ഗവേണിംഗ് ബോഡിയും എക്സിക്യൂട്ടീവ് കമ്മിറ്റിയും പുന: സംഘടിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(എം.എസ്)നം.186/2016/തസ്വഭവ — തിരുവനന്തപുരം, തീയതി : 03.12.2016

---

പരാമർശം -
1. സ.ഉ.(എം.എസ്)നം.19/2010 തീയതി 25/1/2010.
2. വൈറ്റില മൊബിലിറ്റി ഹബ് സൊസൈറ്റി മാനേജിംഗ് ഡയറക്ടറുടെ 04/06/2016-ലെ VMHS/A1/267/12 നമ്പർ കത്ത്.

## ഉത്തരവ്

വൈറ്റിലയിലെ ബസ് ടെർമിനൽ പ്രോജക്റ്റ് നടപ്പിലാക്കുന്നതിനുവേണ്ടി ട്രാവൻകൂർ കൊച്ചിൻ ലിറ്റററി സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റി രജിസ്ട്രേഷൻ ആക്റ്റ് പ്രകാരം ഒരു സൊസൈറ്റി രജിസ്റ്റർ ചെയ്യുന്നതിന് പരാമർശം ഒന്നിലെ ഉത്തരവ് പ്രകാരം സർക്കാർ അനുവാദം നൽകുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ബഹു. മുഖ്യമന്ത്രി ചെയർമാനും എറണാകുളം ജില്ലാകളക്ടർ മാനേജിംഗ് ഡയറക്ടറുമായി വൈറ്റില മൊബിലിറ്റി ഹബ് എന്ന സൊസൈറ്റി രജിസ്റ്റർ ചെയ്തു. കൂടാതെ സൊസൈറ്റിയുടെ ദൈനംദിന പ്രവർത്തനങ്ങൾക്കായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനും എറണാകുളം ജില്ലാകളക്ടർ, മെമ്പർ സെക്രട്ടറിയുമായി ഒരു എക്സിക്യൂട്ടീവ് കമ്മിറ്റിയും രൂപീകരിക്കുകയുണ്ടായി.

2. വൈറ്റില മൊബിലിറ്റി ഹബ് സൊസൈറ്റിയുടെ ഗവേണിംഗ് ബോഡിയും എക്സിക്യൂട്ടീവ് കമ്മറ്റിയും പുന:സംഘടിപ്പിക്കണമെന്ന് പരാമർശം (2) പ്രകാരം വൈറ്റില മൊബിലിറ്റി ഹബ് സൊസൈറ്റി മാനേജിംഗ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.
3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. അതനുസരിച്ച് വൈറ്റില മൊബിലിറ്റി ഹബ് സൊസൈറ്റിയുടെ ഗവേണിംഗ് ബോഡിയും എക്സിക്യൂട്ടീവ് കമ്മറ്റിയും താഴെപ്പറയും പ്രകാരം പുന: സംഘടിപ്പിച്ച് ഉത്തരവാകുന്നു.

### ഗവേണിംഗ് ബോഡി

| | | |
|---|---|---|
| 1. മുഖ്യമന്ത്രി | - | ചെയർമാൻ |
| 2.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി | - | വൈസ് ചെയർമാൻ |
| 3. പൊതുമരാമത്ത് &രജിസ്ട്രേഷൻ വകുപ്പ് മന്ത്രി | - | മെമ്പർ |
| 4. കൃഷി വകുപ്പ് മന്ത്രി | - | മെമ്പർ |
| 5. ധനകാര്യ വകുപ്പ് മന്ത്രി | - | മെമ്പർ |
| 6. ഗതാഗത വകുപ്പ് മന്ത്രി | - | മെമ്പർ |
| 7. കൊച്ചി മേയർ | - | മെമ്പർ |
| 8. ചീഫ് സെക്രട്ടറി | - | മെമ്പർ |
| 9. ജി.സി.ഡി.എ, ചെയർമാൻ | - | മെമ്പർ |
| 10. ധനകാര്യ വകുപ്പ് സെക്രട്ടറി | - | മെമ്പർ |
| 11. ഗതാഗത വകുപ്പ് സെക്രട്ടറി | - | മെമ്പർ |
| 12. തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി | - | മെമ്പർ |
| 13. പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി | - | മെമ്പർ |
| 14.റോഡ്സ് & ബ്രിഡ്ജസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ | - | മെമ്പർ |
| 15.എറണാകുളം ജില്ലാകളക്ടർ | - | മാനേജിംഗ് ഡയറക്ടർ |

## എക്സിക്യൂട്ടീവ് കമ്മിറ്റി

| | | |
|---|---|---|
| 1. ചീഫ് സെക്രട്ടറി | - | ചെയർമാൻ |
| 2. സൊസൈറ്റി മാനേജിംഗ് ഡയറക്ടർ (എറണാകുളം ജില്ലാകളക്ടർ) | - | മെമ്പർ സെക്രട്ടറി |
| 3. കൊച്ചി മേയർ | - | മെമ്പർ |
| 4. ജി.സി.ഡി.എ ,ചെയർമാൻ | - | മെമ്പർ |
| 5. ധനകാര്യ വകുപ്പ് സെക്രട്ടറി | - | മെമ്പർ |
| 6. തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി | - | മെമ്പർ |
| 7. കൃഷി വകുപ്പ് സെക്രട്ടറി | - | മെമ്പർ |
| 8. റോഡ്സ് & ബ്രിഡ്ജസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ | - | മെമ്പർ |

ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള മന്ത്രിമാരുടെ വകുപ്പുകൾക്ക് അനുസൃതമായി റൂൾസ് & റെഗുലേഷൻസിൽ ആവശ്യമായ ഭേദഗതിവരുത്തേണ്ടതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**എ.കെ. മോഹനകുമാർ**
ഗവ. ജോയിന്റ് സെക്രട്ടറി

മേയർ, കൊച്ചി നഗരസഭ
അക്കൗണ്ടന്റ് ജനറൽ (എ&ഇ / ആഡിറ്റ്), തിരുവനന്തപുരം.
സെക്രട്ടറി, ധനകാര്യ വകുപ്പ്
സെക്രട്ടറി,ഗതാഗത വകുപ്പ്
സെക്രട്ടറി,കൃഷി വകുപ്പ്
സെക്രട്ടറി,പൊതുമരാമത്ത് വകുപ്പ്
സെക്രട്ടറി,തദ്ദേശ സ്വയംഭരണ വകുപ്പ്
ചെയർമാൻ ജി.സി.ഡി.എ, കൊച്ചി
മാനേജിംഗ് ഡയറക്ടർ, റോഡ്സ് & ബ്രിഡ്ജസ് കോർപ്പറേഷൻ
മാനേജിംഗ് ഡയറക്ടർ, വൈറ്റില മൊബിലിറ്റി ഹബ് സൊസൈറ്റി, കൊച്ചി
ജില്ലാ കളക്ടർ, എറണാകുളം.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ